**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2487.** **09.03.2018 ൽ മറുപടിയ്ക്ക്**

**നിരോധിത ഉത്പന്നങ്ങളുടെ ഉപയോഗവും വിൽപ്പനയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ 3 വർഷത്തിനിടെ കഞ്ചാവ് ഉൾപ്പെടെയുള്ള നിരോധിക്കപ്പെട്ട പുകയില ഉത്പന്നങ്ങളുടെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗവും വിൽപ്പനയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (എ) | (പട്ടിക താഴെ) |

| ജില്ല | എൻ .ഡി.പി.എസ് കേസ് | കോട്പ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 628 | 8255 | 8883 |
| കൊല്ലം | 1100 | 10943 | 12043 |
| പത്തനംതിട്ട | 381 | 16835 | 17216 |
| ആലപ്പുഴ | 931 | 2416 | 3347 |
| കോട്ടയം | 830 | 12858 | 13688 |
| ഇടുക്കി | 1011 | 5588. | 6599 |
| എറണാകുളം | 1410 | 8522 | 9932 |
| തൃശ്ശൂർ | 1079 | 7936 | 9015 |
| പാലക്കാട് | 640 | 5223 | 5863 |
| മലപ്പുറം | 906 | 4025 | 4931 |
| കോഴിക്കോട് | 435 | 31 | 466 |
| വയനാട് | 645 | 5106 | 5751 |
| കണ്ണൂർ | 564 | 8560 | 9124 |
| കാസർഗോഡ് | 154 | 4061 | 4215 |
| ആകെ | 10714 | 100359 | 111073 |

| | | | |
|---|---|---|---|
| (ബി) | ഇത്തരത്തിലുള്ള ലഹരിമരുന്നുകളുടെ ഉപയോഗവും വിതരണവും തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു പറയാമോ? | (ബി) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക, രാത്രികാല റെയ്ഡുകളും പരിശോധനകളും ഊർജ്ജിതപ്പെടുത്തുക, ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, ജനകീയ പങ്കാളിത്തത്തോടെ ലഹരി ഉപയോഗത്തിനും വിപണനത്തിനുമെതിരെ |

| | | | |
|---|---|---|---|
| | | | വാർഡ് തല കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ-കോളേജ് തലത്തിൽ ശക്തമായ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക, ലഹരിയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം ലഭിക്കാനായി ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക, പരസ്യങ്ങൾ വഴിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുക തുടങ്ങിയ പരിപാടികളിലൂടെ ലഹരി മരുന്നുകളുടെ ഉപയോഗവും, വിപണനവും തടയുവാൻ സർക്കാർ ലക്ഷ്യമിടുന്നു. |
| (സി) | വിദ്യാലയ പരിസരങ്ങളിൽ മയക്കമരുന്നുൽപ്പന്നങ്ങളുടെ വിപണനവും, ഉപയോഗവും തടയുന്നതിനും വിദ്യാലയങ്ങളിൽ ഇതിനെതിരെയുള്ള ബോധവൽക്കരണത്തിനും എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (സി) | വിദ്യാലയ പരിസരങ്ങളിൽ മയക്ക്മരുന്ന്, പുകയില ഉല്പന്നങ്ങളുടെ ഉപയോഗം, വിൽപ്പന, വിപണനം എന്നിവ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസ്സ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നു. ബോധവത്ക്കരണത്തിന്റെ ഭാഗമായി ബോധവത്ക്കരണ ക്ലാസ്സുകൾ, ബോധവത്ക്കരണ നാടകങ്ങൾ, വിദ്യാർത്ഥികളെ കൂടുതൽ ആകർഷിക്കുവാനായി കലാ-കായിക മത്സരങ്ങളായ ഫുട്ബോൾ, വോളിബോൾ, കബഡി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയുള്ള പ്രവർത്തനങ്ങൾ സ്കൂൾ-കോളേജ് തലത്തിലുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി നടപ്പിലാക്കിവരുന്നു. 'വിമുക്തി' പദ്ധതിയിലുൾപ്പെടുത്തി വിദ്യാലയങ്ങളിൽ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടത്തി വരുകയാണ്. |

**സെക്ഷൻ ഓഫീസർ**